ശ്രീ. കെ. ശിവദാസൻ : അതിന്റെ അർത്ഥം ശരിക്കും എനിക്ക് മനസ്സിലായില്ല. ഞാനതിന്റെ വസ്തുതകൾ പറയാം. ഒന്നരമാസത്തിനു മുമ്പ് സ്പിരിറ്റിന് വളരെ ഷോർട്ടേജുണ്ടായിരുന്നു. മഹാരാഷ്ട്രയിൽ നിന്നുവരെ സ്പിരിറ്റ് കിട്ടുന്നുണ്ടായിരുന്നില്ല. ഉത്തർപ്രദേശിൽ നിന്നു മാത്രം അനുവദിച്ചതിൽ നൂറു ലക്ഷം ലിറ്ററിൽ അൻപതുലക്ഷം ലിറ്റർ സ്പിരിറ്റ് മാത്രമേ കിട്ടുകയുള്ളൂ എന്ന സ്ഥിതിവിശേഷം ഉണ്ടായിരുന്നു. നേരത്തെ നിലവിലിരുന്ന റേറ്റനുസരിച്ച് ആർക്കെങ്കിലും കൊണ്ടുവരാമെങ്കിൽ കൊടുക്കുന്നതിനുവേണ്ടി ഡിസ്റ്റിലറികൾ പരിശ്രമം നടത്തിയിരുന്നു. ഒരുപക്ഷേ അടുത്തകാലത്ത് നടത്തിയ റെയ്ഡുകളിലെക്കുറിച്ചാണോ പറയുന്നതെന്ന് എനിക്കറിയില്ല. ഞാൻ ചാർജ്ജെടുത്തതിനുശേഷം സ്പിരിറ്റ് അവയ്ലബിളായതിനുശേഷം അവിടെ നിന്ന് അലോട്ട്ചെയ്തതല്ലാതെ എന്റെ അറിവിൽ കൊടുത്തിട്ടേയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : കോ-ഓപ്പറേറ്റീവ് ആക്ട് പ്രകാരം ഏതോ ബിസിനസ്സ് ചെയ്യുന്ന ആളുകൾ ഡയറക്ടറായിരിക്കാൻ പാടില്ലെന്നാണ്. പക്ഷേ ബൽഗാമിലെ ഡിസ്റ്റിലറികളിൽ ഒരു കോൺഗ്രസ് നേതാവും, കുപ്പുസ്വാമപ്പനാരുടെ ബന്ധുവും മുഖ്യമന്ത്രിയുടെ അടുത്ത സുഹൃത്തുമായ മുത്തുമാണിക്യം ചിറ്റൂർ ഷുഗർ ഫാക്ടറിയിലെ ഡയറക്ടറായിരിക്കുകയും, അദ്ദേഹത്തിന്റെ ബിനാമി ട്രാൻസ്പോർട്ടിംഗ് ഏജൻസിയെടുക്കുകയും ചെയ്തുകൊണ്ട് ഇവിടെ ലക്ഷക്കണക്കിന് രൂപയുടെ കളളക്കടത്ത് നടത്തുന്നു. അതിന്റെ പേരിൽ കോയമ്പത്തൂർ എസ്. പി., പാവം പയ്യൻ ആനേറാ, ബാബുതോമസ്, എറണാകുളത്തെ ഒരു ഡോക്ടർ എന്നിവരുടെപേരിൽ കേസെടുത്തിട്ടുണ്ട്. അവർ സ്ഥിരമായികളളക്കടത്ത് നടത്തുന്നുവെന്നും പറഞ്ഞു ഇവരുടെപേരിൽ ഗുണ്ടാ ആക്ടിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് എസ്. പി. ഇതിനുവേണ്ടി നടപടി സ്വീകരിക്കണമെന്ന് ഗവൺമെൻറിനെ അറിയിച്ചിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : ഇത്തരത്തിലുള്ള യാതൊരു വിവരവും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

കെ. എസ്. ആർ. ടി. സി. യിലെ കമ്പ്യൂട്ടർവൽക്കരണം

* 76. [78] ശ്രീ. സി. എഫ്. തോമസ് :
,, പി.സി. ജോർജ്ജ് :
,, ടി. എസ്. ജോൺ :
,, ഇ. ജെ. ലൂക്കോസ് :
,, വി. സുരേന്ദ്രൻപിളള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ടിക്കറ്റ് കൊടുക്കുന്നതിന് ഇലക്ട്രോണിക് ഉപകരണം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഉണ്ട്.
(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : സംസ്ഥാനത്തെ ഏറ്റവുംകൂടുതൽ തൊഴിലാളികളെ പണിയെടുക്കുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ് കെ. എസ്. ആർ. ടി. സി. യെന്നുള്ള നിലയിൽ കമ്പ്യൂട്ടർവൽക്കരണം പോലുള്ള നടപടികളെ സ്വീകരിക്കുമ്പോൾ തൊഴിലാളി സംഘടനകളുമായി ആലോചിച്ചതിനുശേഷംമാത്രമേ ഇത്തരം നടപടികളിലേക്ക് നീങ്ങാവൂയെന്നുള്ള കാര്യം പരിഗണിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഇതിനോടകംതന്നെ കെ. എസ്. ആർ. ടി. സി. യിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കെൽട്രോണിന്റെ സഹായത്തോടുകൂടി ചില മേഖലകളിൽ കമ്പ്യൂട്ടർ എർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. യെപ്പോലെ വളരെയധികം തൊഴിലാളികളുള്ള ഒരു സ്ഥാപനത്തിൽ തൊഴിലാളികളുടെ തൊഴിലിന് കൂടുതൽ സഹായകരമായ നിലപാടാണ് സ്വീകരിക്കാനാണ് ഇത് ഏർപ്പെടുത്തിയത്.

ശ്രീ. സി. എഫ്. തോമസ് : എന്റെ ചോദ്യം അതല്ല. കമ്പ്യൂട്ടർവൽക്കരണം പോലുള്ള നടപടികളെ സ്വീകരിക്കുമ്പോൾ ഇത്രയും കൂടുതൽ തൊഴിലാളികളെ ജോലിചെയ്യുന്ന ഒരു പൊതുമേഖലാസ്ഥാപനത്തിലെ തൊഴിലാളിസംഘടനകളുമായി ആലോചിച്ചതിനുശേഷം മാത്രമേ നടപടികളിലേക്ക് ഗവൺമെന്റ് നീങ്ങാവുയെന്നുള്ള കാര്യം ശ്രദ്ധിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഇപ്പോൾ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ഇനി തുടർന്നുവരുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമാണെന്നു തോന്നിയാൽ ആ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. സി. എഫ്. തോമസ് : ഇപ്പോൾ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്നുള്ളതാണല്ലോ പ്രധാന ഉദ്ദേശം. നിലവിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ സാഹചര്യം, ആവശ്യത്തിന് ബസില്ലായ്മ, ഷെഡ്യൂൾകാൻസലേഷൻ തുടങ്ങിയ കുറവുകൾ കൂടി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുമൂലം ഇംപ്രൂവ്മെന്റ് ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്.

ശ്രീ. പി. സി. ജോർജ് : നമ്മുടെ സംസ്ഥാനത്തിനുപുറത്തുള്ള ഏതെങ്കിലും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഇതുപോലെ കമ്പ്യൂട്ടർ ഏർപ്പെടുത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അങ്ങനെ കമ്പ്യൂട്ടർ ഏർപ്പെടുത്തിയതിൽക്കൂടി ആ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ ; അതിന്റെ പ്രവർത്തനങ്ങളെന്താണെന്നതിനെക്കുറിച്ച് ഗവൺമെന്റോ അല്ലെങ്കിൽ കോർപ്പറേഷനോ പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടില്ല, ആവശ്യമാണെന്നു തോന്നിയാൽ പരിശോധിക്കാം.

ശ്രീ. പി. സി. ജോർജ് : ഇപ്പോൾ കെ. എസ്. ആർ. ടി. സി. യിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തിക്കഴിഞ്ഞതായിട്ടാണ് ഇവിടെ ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞത്. കമ്പ്യൂട്ടർവൽക്കരണം വിപുലീകരിച്ചുകഴിയുമ്പോൾ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള എന്തെങ്കിലും സാദ്ധ്യതയുണ്ടെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ ? അങ്ങനെയാണെങ്കിൽ തൊഴിൽ നഷ്ടപ്പെടാതിരിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : സ്റ്റേറ്റർ അക്കൗണ്ടിംഗ്, പ്രോവിഡൻറ് ഫണ്ട് അക്കൗണ്ടിംഗ് തുടങ്ങിയ മേഖലകളിലാണ് കെൽട്രോണിന്റെ സഹായത്തോടുകൂടി കമ്പ്യൂട്ടർ ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സംവിധാനം ഏർപ്പെടുത്തിയതകൊണ്ട് തൊഴിലാളികൾക്കാർക്കും തൊഴിൽ നഷ്ടമായിട്ടില്ല. മറിച്ച്, അവരുടെ അദ്ധ്വാനഭാരം കുറച്ചുകൂടി എളുപ്പത്തിലാക്കുവാനുള്ള ഒരു പ്രോസസിന് അവസരമുണ്ടായിയെന്നാണ് ഗവൺമെൻറ് കണക്കാക്കുന്നത്.

ശ്രീ. ടി. എസ്. ജോൺ : ഇപ്പോൾ ട്രാൻസ്പോർട്ട് ബസ്സുകളിൽ യാത്രക്കാരുടെ ബാഹുല്യം വർദ്ധിച്ചിരിക്കുകയാണ്. അവർക്ക് ടിക്കറ്റ് കൊടുക്കുകയെന്നുള്ളത് കണ്ടക്ടർമാർക്ക് വളരെ ബുദ്ധിമുട്ടായിത്തീർന്നിരിക്കുകയാണ്. അത് കണക്കിലെടുത്ത് ഇലക്ട്രോണിക് ടിക്കറ്റ് ഇഷ്യൂവർ ഏർപ്പെടുത്തുന്നതിന് വല്ല നടപടികളും ഗവൺമെൻറ് സ്വീകരിക്കുമോ ?

ശ്രീ. പി. കെ, വേലായുധൻ : ഇന്ന് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ടിക്കറ്റുകൊടുക്കുന്ന കാര്യത്തിൽ കണ്ടക്ടർമാർ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. എന്നുമാത്രമല്ല, ടിക്കറ്റ് അച്ചടിക്കുന്ന കാര്യത്തിൽ നമുക്ക് സാമ്പത്തികഭാരം വരുന്നുണ്ട്. ചില ഇൻസ്പെക്ഷൻ നിൽത്തന്നെ ഡ്യൂപ്ലിക്കേറ്റു ടിക്കറ്റുകളും വരുന്നതായിട്ട് കാണുന്നുണ്ട്. ഈ വകകാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് കെൽട്രോണുമായി ആലോചിച്ച് ഇലക്ട്രോണിക് ടിക്കറ്റ് ഇഷ്യൂവർ നിർമ്മിക്കുന്നതിനും, കണ്ടക്ടർമാർക്ക് ആവശ്യമായ പരിശീലനം നൽകി അത് പ്രയോഗിക്കുവാനുമുള്ള ക്രമീകരണങ്ങളെ സംബന്ധിച്ച് കെ. എസ്. ആർ. ടി. സി. നടപടികൾ ആരംഭിച്ചിരിക്കുകയാണ്.

ശ്രീ. ടി. എസ്. ജോൺ : അറുപത് യാത്രക്കാരെ കയറ്റാനുള്ള ബസ്സുകളിൽ ഇപ്പോൾ പത്തിരുനൂറ് യാത്രക്കാരെയാണ് കയറ്റിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലുമൊരു യാത്രക്കാരൻ ടിക്കറ്റെടുത്തില്ലെങ്കിൽ കണ്ടക്ടറെ ശിക്ഷിക്കുന്ന ഒരേർപ്പാടാണിപ്പോൾ ഉള്ളത്. ടിക്കറ്റെടുക്കാത്ത യാത്രക്കാരനെ ശിക്ഷിക്കുവാൻ നിയമമുണ്ടെന്നാണ് തോന്നുന്നത്. എങ്കിലും യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ആ നിലയ്ക്ക് ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്ന ആളുകളെ ശിക്ഷിക്കുന്നതിന് വല്ല നിയമവുണ്ടോ ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കുവാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ : ഇന്ന് ബസ്സുകളിൽ സ്ക്വാഡുകൾ ഇൻസ്പെക്ഷൻ നടത്തുമ്പോൾ ടിക്കറ്റെടുക്കാതെ വരുന്ന കേസുകളിൽ അന്വേഷണവിധേയമായി കണ്ടക്ടറുടെ പേരിൽ ശിക്ഷണനടപടികൾ സ്വീകരിക്കുന്നുണ്ട്. യാത്രക്കാരൻ മനഃപൂർവ്വം ടിക്കറ്റെടുക്കാതെ വരുമ്പോൾ എടുക്കേണ്ട ടിക്കറ്റിന്റെ ഇരട്ടിചാർജ് ഈടാക്കുന്ന ഒരേർപ്പാടാണ് ഇന്ന് നിലവിലുള്ളത്. മോട്ടോർവെഹിക്കിൾ ആക്ടിലെ മൂലനിയമങ്ങളിൽ 112 (എ) സബ്സെക്ഷൻ (3) പ്രകാരം ഒരു സർവ്വീസിന്റെ തുടക്കം മുതൽ അവസാനംവരെയുള്ള ഫെയർ എത്രയാണോ അതിന്റെ പത്തിരട്ടിയോ അല്ലെങ്കിൽ അഞ്ഞൂറു രൂപയോ അതിൽ ഏതാണ് കുറവ് അത് മനഃപൂർവ്വ,

LIBRARY ARCHIVES Kerala Legislative Assembly

ടിക്കറ്റെടുക്കാതെ യാത്രചെയ്യുന്ന യാത്രക്കാരനിൽനിന്ന് ഈടാക്കുന്നതിന് അധികാരം ഉണ്ട്. ഇതാവശ്യമാണെന്നു തോന്നിയാൽ ഈ അധികാരം ഉപയോഗിക്കാൻ ഗവൺമെന്റ് മടിക്കില്ല.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : കെ. എസ്. ആർ. ടി. സി. യിൽ കമ്പ്യൂട്ടർ വൽക്കരണമല്ലാതെ, ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇപ്പോൾ മറുപടിയിൽ പറഞ്ഞു, ഇതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻവേണ്ടി പല നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന്. അതിന്റെ ഫലമായി സർവ്വീസിലുള്ള കാൻസലേഷൻ റദ്ദാക്കുക, മുടങ്ങിക്കിടക്കുന്ന സർവ്വീസുകൾ പുതുതായി ആരംഭിക്കുക തുടങ്ങിയ പല നടപടികളും നടപ്പിലാക്കിയെന്നു പറഞ്ഞു. എന്തൊക്കെ നടപടികളാണ് ഈ ചുരുങ്ങിയകാലംകൊണ്ട് കെ. എസ്. ആർ. ടി. സി. നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : കഴിഞ്ഞ മൂന്നുനാലു മാസങ്ങൾക്ക് മുമ്പുവരെ ടയറുകളില്ലാതെ ഗീയർ ബോക്സില്ലാതെ, ഗ്ലാസ്സുകളില്ലാതെ, സൈഡ് കർട്ടനുകളില്ലാതെ വർക്കുഷോപ്പുകളിൽ ഓടാതെ കിടക്കുകയായിരുന്ന എണ്ണൂറിനടുത്ത ബസ്സുകളുണ്ടായിരുന്നു. ആദ്യമായി ആ ബസ്സുകൾ റോഡിലിറക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. ഈ ഇനത്തിൽ ഗവൺമെന്റ് രണ്ടുതവണയായിട്ട് നാലുകോടി രൂപ കെ. എസ്. ആർ. ടി. സി. ക്ക് അനുവദിക്കുകയുണ്ടായി. അതനുസരിച്ച് ടയറുകളും സ്പെയർ പാർട്ട്സുകളും ലഭ്യമാക്കി സർവ്വീസുകൾ തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്. നമുക്ക് ഇന്ന് ഓടിക്കുവാൻ കഴിയുന്ന ഫ്ലീറ്റുണ്ട് 2990 ബസ്സുകളാണ് കെ. എസ്. ആർ. ടി. സി. യുടെ കൈവശമുള്ളത്. ബാക്കിയുള്ളവ കണ്ടംചെയ്തു ലേലംചെയ്തു വിൽക്കാവുന്നവയാണ്. 2990 ബസ്സുകളിൽ ഇരുപതാം തീയതിവരെയുള്ള കണക്കനുസരിച്ച് 2226 ബസ്സുകൾ റോഡിലിറക്കി ഓടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ പമ്പിൽനിന്ന് ഡീസലടിക്കുമ്പോൾ ഡീസൽ അനാവശ്യമായി ഒഴുകിപ്പോകാതെയിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ ഓവർഫ്ലോ ചെയ്ത് ഡീസൽ ഒലിച്ചു പോകാതിരിക്കുക വർക്കുഷോപ്പുകളിൽ ജീവനക്കാർക്ക് കൂടുതൽ സമയം ജോലിചെയ്യുവാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുക, അവർക്കാവശ്യമായ ടൂൾസ് ലഭ്യമാക്കിക്കൊടുക്കുക തുടങ്ങിയ നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. പല കാര്യങ്ങളിലും ടൂൾസില്ലെന്ന ബുദ്ധിമുട്ടുണ്ടായിരുന്നു. അതുകൊണ്ട് ടൂൾസും മെഷിനറിയുമൊക്കെ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഇങ്ങനെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പറഞ്ഞാൽ സഭയുടെ സമയം പോകുമെന്നുള്ളതുകൊണ്ട് ഞാൻ കൂടുതൽ അതിനെക്കുറിച്ച് പറയുന്നില്ല.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ വളരെ കൂടുതൽ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. അത് ഏതൊക്കെയാണെന്ന് അറിയണമായിരുന്നു. കമ്പ്യൂട്ടർവൽക്കരണം സ്പെയർപാർട്സുകൾക്കും മറ്റും നടപ്പാക്കിയ ശേഷം ഇതിന്റെ പുരോഗതി എത്രയുണ്ട് ? അതുകൊണ്ട് പ്രയോജനകരമായ നേട്ടങ്ങളാണോ കെ. എസ്. ആർ. ടി. സി. യിൽ ഉണ്ടായിട്ടുള്ളത്, ബാക്കി കൂടി നടപ്പാക്കാനുള്ള നിർദ്ദേശമുണ്ടോ, ഇങ്ങനെ നടപ്പാക്കുന്നതുകൊണ്ട് അഫക്ടഡ് പാർട്ടി എന്ന നിലയിൽ തൊഴിലാളി സംഘടനകളുമായിട്ടും ബന്ധപ്പെട്ട ആളുകളുമായിട്ടും സംസാരിക്കുകയും ആലോചിക്കുകയും ചെയ്ത ശേഷമേ തീരുമാനമെടുക്കുകയുള്ളോ ? ഈ കാര്യങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ : ഇത് ഏർപ്പെടുത്തിയതുകൊണ്ട് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല എന്നു മാത്രമല്ല തൊഴിലാളികളുടെ സർവ്വീസ് കാര്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ കാര്യങ്ങൾക്ക് ക്രീയാത്മകമായി അക്കൗണ്ടിംഗ് സിസ്റ്റം ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഇതുകൊണ്ടുള്ള നേട്ടങ്ങൾ. അതുപോലെതന്നെ, സ്പെയർ പാർട്ടുകൾ എവിടെയെല്ലാം ഉണ്ട്, അവ എവിടെയൊക്കെ ആവശ്യമില്ല, എവിടെയെല്ലാം ഡെഡ് ഇൻവെസ്റ്റ്മെന്റ് ഉണ്ട്, ഫ്യൂവൽ കൺസംപ്ഷൻ കൂടുതൽ എവിടെയാണ് വരുന്നത്, പെയിന്റ് എത്രമാത്രം കൂടുതലുണ്ട്, എത്രമാത്രം കുറവുണ്ട്, ഏതു കളറാണ് വേണ്ടത് എന്നു തുടങ്ങി പല കാര്യങ്ങളും നമുക്ക് വളരെ ചുരുങ്ങിയ സമയംകൊണ്ട് പ്രോസസ്സ് ചെയ്തെടുക്കുവാൻ കഴിയുന്ന ഒരു കാര്യക്ഷമത ഈ സ്ഥാപനത്തിൽ വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള നടപടിക്രമങ്ങൾമൂലം ഒരിക്കലും നിലവിലുള്ള തൊഴിലാളികൾക്ക് തൊഴിൽവസരങ്ങൾ നഷ്ടപ്പെടുത്തുന്ന പ്രശ്നമേ ഉണ്ടാവുകയില്ല.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു തൊഴിലാളികൾക്ക് ഒരു പ്രശ്നവും വരില്ല എന്ന്. ഈ രാജ്യത്തെ കാര്യങ്ങളെപ്പറ്റി വല്ലതും മനസ്സിലാക്കിയിട്ടാണോ ഇത് പറഞ്ഞത് ? കാരണം എൽ. ഐ. സി., ബാങ്ക്, റെയിൽവേ ഇവിടങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾക്ക് പണിയില്ലാതാക്കുകയാണ് ഇപ്പോൾ കമ്പ്യൂട്ടർ ചെയ്യുന്നത്. പ്രത്യേകിച്ച് 26 ലക്ഷം തൊഴിലില്ലാത്ത ആളുകളുള്ള കേരളത്തിൽ, കെ. എസ്. ആർ. ടി സി. യിൽ കമ്പ്യൂട്ടർ സമ്പ്രദായം നിശ്ചയിച്ചു എന്നു പറയുമ്പോൾ ഇപ്പോഴുള്ളവരെ പിരിച്ചുവിടുമോയെന്നല്ല ചോദ്യം. എംപ്ലോയ്മെന്റ് ചുരുക്കിക്കൊണ്ടുവന്നിട്ട് അൺഎംപ്ലോയ്മെന്റ് വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ആ കാര്യങ്ങളൊന്നും മന്ത്രി അറിഞ്ഞുകാണുകയില്ല. ഇവിടെ ഉദ്യോഗസ്ഥൻമാർ എഴുതിക്കൊടുക്കുന്നത് വായിക്കുകയാണ് ചെയ്യുന്നത്. 26 ലക്ഷം തൊഴിലില്ലാത്തവരുള്ള കേരളത്തിൽ എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിലില്ലായ്മ സൃഷ്ടിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. ഇക്കോണമി പഠിക്കാതെ മറ്റുദ്യോഗസ്ഥൻമാർ എഴുതി തരുന്നതു വായിക്കുന്ന മന്ത്രി ഇവിടെ 'വേണോ ? വരുന്ന കൊല്ലത്തിൽ ആയിരക്കണക്കിന് തൊഴിലാളികൾക്ക് കമ്പ്യൂട്ടറൈസേഷൻ മൂലം തൊഴിലില്ലായ്മ വരുമെന്ന ഒരു കണക്ക് പറയാൻ ഇനിയെങ്കിലും മന്ത്രി പഠിച്ച് നമ്മളെ സഹായിക്കാമോ ?

ശ്രീ. പി. കെ. വേലായുധൻ : നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ശാസ്ത്ര-സാങ്കേതിക നേട്ടങ്ങൾ എല്ലാ രംഗത്തും ഉപയോഗപ്പെടുത്തുമെന്നുള്ളതുകൊണ്ട് ഏതെങ്കിലും മേഖലയിൽ മനപൂർവ്വമായി തൊഴിലില്ലായ്മ സൃഷ്ടിക്കുകയാണെന്ന് ഞാൻ കരുതുന്നില്ല. കെ. എസ്. ആർ. ടി. സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ, അതിലെ ജീവനക്കാർക്ക് അവർ ചെയ്യുന്ന തൊഴിലിൽ കൂടുതൽ മെക്കനൈസേഷനും മോഡേണൈസേഷനും ഉപയോഗപ്പെടുത്തുമ്പോൾ തീർച്ചയായും അവരുടെ ആരോഗ്യ സംരക്ഷണം, അവരുടെ ഊർജ്ജം ചോർന്നുപോകൽ, എന്നിവകൂടി ഒഴിവാക്കുന്നതിനു ഉപകാരപ്രദമായ വിധത്തിലാണ് ഇത് സംവിധാനം ചെയ്തിട്ടുള്ളത്. തീർച്ചയായും കെ. എസ്. ആർ. ടി സി. യെ സംബന്ധിച്ചിടത്തോളം ഏഴാം പഞ്ചവൽസര പദ്ധതി അവസാനിക്കുമ്പോൾ ഒരു ബസിന് 7.5 എന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫ് അനുപാതം നടപ്പാക്കണം എന്ന നിലയിലാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. മനപൂർവ്വം പുറത്തു നില്ക്കുന്ന ആർക്കെങ്കിലും തൊഴിലവസരങ്ങൾ നിഷേധിക്കുന്നതിനു വേണ്ടിയല്ല, ഈ സ്ഥാപനത്തെ കുറെക്കൂടി സാമ്പത്തിക ഭദ്രതയുള്ള ഒരു സ്ഥാപനമാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗം മാത്രമാണ് ഇത്.

ശ്രീ. എം. എം. ഹസ്സൻ : വിദ്യാർത്ഥികൾക്ക് ഇപ്പോൾ കെ. എസ്. ആർ. ടി. സി. യിലുള്ള കൺസഷൻ സമ്പ്രദായം വരവിനെക്കാൾ വളരെയധികം ചെലവുണ്ടാക്കുന്നതാണ്. അതുകൊണ്ട് കെ. എസ്. ആർ. ടി. സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യയാത്ര ഏർപ്പെടുത്തുന്നതിനെക്കുറിച്ച് മന്ത്രിതന്നെ ഒരിക്കൽ ചിന്തിച്ചിരുന്നു. ഈ കാര്യത്തിൽ എന്തെങ്കിലും അനുകൂലമായ തീരുമാനം കൈക്കൊള്ളാൻ ഗവൺമെന്റിനു ഉദ്ദേശമുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : ഈ സഭയിൽത്തന്നെ ഇതിനെ സംബന്ധിച്ച് മറെറാരു ചോദ്യം വരുന്നുണ്ട്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുകൊണ്ട് പറയുകയാണ്. കർണ്ണാടക സംസ്ഥാനത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസം വരെ വിദ്യാർത്ഥികൾ സൗജന്യമായി സിറ്റി സർവ്വീസിൽ യാത്ര ചെയ്യാൻ ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. കെ. എസ്. യു., എസ്. എഫ്. ഐ. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ ഈ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുമുണ്ട്. ഇതിനെത്തുടർന്ന് കെ. എസ്. ആർ. ടി. സി. യിലെ ടെക്നിക്കൽ ഡയറക്ടറായ ശ്രീ. നിർമ്മലൻ തമ്പിയെ കമ്മീഷനായി നിയോഗിച്ചുകൊണ്ട് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ 30-ാം തീയതി ആ റിപ്പോർട്ട് ഗവൺമെന്റിനു കിട്ടുന്നതാണ്. ആ റിപ്പോർട്ട് കിട്ടിയ ശേഷമേ ഇതിൽ എന്തു നടപടിയെടുക്കുവാൻ കഴിയുകയെന്ന് പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. പി. പ്രഭാകരൻ : കമ്പ്യൂട്ടറൈസേഷൻ കെ. എസ്. ആർ. ടി. സി. യിൽ ഏർപ്പെടുത്തിയാൽ അത് തൊഴിലാളികളെ ബാധിക്കുകയില്ലെന്ന് മന്ത്രി പറഞ്ഞു. ഇത് നടപ്പാക്കി കഴിഞ്ഞാൽ ഇപ്പോൾ നിലവിൽ സർവ്വീസിലുള്ള ആളുകൾ റിട്ടയർ ചെയ്യുന്ന മുറയ്ക്ക് ആ സ്ഥാനത്ത് പുതിയ ആളുകളെ എടുക്കുമോ ? പുതിയ സർവ്വീസ് ആരംഭിക്കുന്നതിന് ആവശ്യമായ തൊഴിലാളികളെ സർവ്വീസിലെടുക്കുമോ ? അതിനെ സംബന്ധിച്ചിടത്തോളം ഒരു ഉറപ്പുനൽകാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ ?

ശ്രീ. പി. കെ. വേലായുധൻ : കെ. എസ്. ആർ. ടി. സി. യിൽ ആകെ 31,632 ജീവനക്കാരാണ് ആഫീസ് സ്റ്റാഫ് ഉൾപ്പെടെയുള്ളത്. അതിൽ 650 പേർ ലോങ് ലീവിലാണ്. അതുകഴിച്ച് 30,982 ജീവനക്കാരുണ്ട്. 2990 ബസ്സുകളും ഉണ്ട്. അതുവച്ചു നോക്കുമ്പോൾ ബസ്—സ്റ്റാഫ് അനുപാതം 10:21 എന്ന നിലയിലാണ്. പ്ലാനിംഗ് കമ്മീഷൻ നൽകിയിട്ടുള്ള നിർദ്ദേശമനുസരിച്ച് ഏഴാം പഞ്ചവൽസര പദ്ധതി അവസാനിക്കുമ്പോൾ ഒരു ബസിന് 7:5 എന്ന നിലയിൽ ബസ്—സ്റ്റാഫ് അനുപാതം കൊണ്ടുവരുമ്പോൾ നമുക്ക് റിട്ടയർമെന്റ്വേക്കൻസി എങ്ങനെ ഫിൽ ചെയ്യാൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് പരിശോധിച്ച് വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഇവിടെ പരിമിതമായ മേഖലകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചു എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ സ്ഥാപിച്ച കമ്പ്യൂട്ടറിനു എന്തു ചെലവു വന്നിട്ടുണ്ട് ? ആ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനു മുമ്പ് ആ കമ്പ്യൂട്ടറെ ഏൽപ്പിച്ച ജോലിക്രമങ്ങൾക്കായി

LIBRARY ARCHIVES Kerala Legislative Assembly

എത്രപേർ ജോലി ചെയ്തിരുന്നു ? അത്രയും ആളുകൾക്ക് ഇപ്പോൾ വേറെ എവിടെയെങ്കിലും ജോലി കൊടുത്തിട്ടുണ്ടോ ? ഈ കാര്യങ്ങൾ വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. വേലായുധൻ : വിശദമായ കണക്കുകൾ ശേഖരിച്ച് ബഹുമാനപ്പെട്ട മെമ്പറെ വിവരം അറിയിക്കാം.

ശ്രീ. സി. ടി. കൃഷ്ണൻ : നമ്മുടെ രാജ്യത്ത് തൊഴിലില്ലായ്മ സൃഷ്ടിക്കുന്നത് കമ്പ്യൂട്ടർവൽക്കരണമാണെന്നാണ് പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ അഭിപ്രായം. അതിന്റെ ഭാഗമായിട്ടാണ് ഇതു നടപ്പിലാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. 800 ബസുകൾ സ്പെയർ പാർട്സില്ലാതെ മുടങ്ങിക്കിടക്കുകയാണ്. അതിന് പരിഹാരം കാണാൻ നടപടി എടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ഇപ്പോൾ ഓരോ ഓപ്പറേഷൻ സെന്ററിലും സബ് ഡിപ്പോകളിലും നിരവധി ബസുകൾ ക്യാൻസലേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനു പുറമെയാണ് മന്ത്രിയുടെ വക ഒരു ട്രാൻസ്ഫർ. പാലക്കാട് ജില്ലയിലെ മൂന്ന് ബസ് ഇപ്പോൾ ഗുരുവായൂരിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. അങ്ങനെ നിരവധി ബസുകൾ ക്യാൻസൽ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഉള്ള ഡിപ്പോകളിൽനിന്ന് മറ്റൊരു സ്ഥലത്തേക്ക് ട്രാൻസ്ഫർ നടത്തുന്നത് ശരിയാണോ ? അത് നിറുത്തി വയ്ക്കാൻ നടപടി എടുക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ബസ് അലോട്ട്മെന്റ് ട്രാൻസ്ഫർ ചെയ്തതുകൊണ്ട് ആ ഡിപ്പോകളിൽ നിന്നുള്ള സർവ്വീസ് ഇല്ലാതാകുന്നില്ല. പക്ഷെ ബഹുമാനപ്പെട്ട മെമ്പറും ശ്രീ. ഒ. ഭരതൻ, തുടങ്ങി പാലക്കാട് ജില്ലയിൽ നിന്നുള്ള മെമ്പർമാരും ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതു പുനഃപരിശോധന ചെയ്യുവാൻ കെ. എസ്. ആർ. ടി. സി. ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ബസ്—സ്റ്റാഫ് അനുപാതം 7:5 ആക്കാൻവേണ്ടി സർവ്വീസിലുള്ള തൊഴിലാളികളുടെ എണ്ണം കുറയ്ക്കും എന്നു പറഞ്ഞു. അതിന്റെ ശരിയായ അർത്ഥം മൊത്തം 50 ശതമാനം തൊഴിലാളികളുടെ എണ്ണം ഇനി വരാൻ പോകുന്ന കാലഘട്ടത്തിൽ കമ്പ്യൂട്ടർ വന്നാൽ കുറയ്ക്കുമെന്നല്ലേ ?

ശ്രീ. പി. കെ. വേലായുധൻ : ഇപ്പോൾ ഇൻട്രൊഡ്യൂസ് ചെയ്യാൻ ഉദ്ദേശിച്ചത്, കണ്ടക്ടർമാരുടെ കയ്യിലുള്ള ടിക്കറ്റ് ഇഷ്യൂ സമ്പ്രദായത്തിന് കുറെക്കൂടി ലളിതമായ ഒരു യന്ത്രവൽക്കരണ സംവിധാനമാണ്. ഇപ്പോൾ കണ്ടക്ടർമാർ ടിക്കറ്റ് ഇഷ്യൂ ചെയ്താൽ അതിന് പേ ബില്ലെഴുതണം. വൈകുന്നേരമാകുമ്പോൾ കൂട്ടി കണക്കുണ്ടാക്കണം, പോയിന്റ് ടു പോയിന്റ് മാർക്ക് ചെയ്യണം തുടങ്ങി നിരവധി ബുദ്ധിമുട്ടുകളുണ്ട്. ടിക്കറ്റ് ഇഷ്യൂവർ കയ്യിലുണ്ടായാൽ ഓരോ പോയിന്റിലും ഇതനുസരിച്ച് ഡീക്കോഡ് ചെയ്ത് ഫെയർ മാത്രം മാർക്ക് ചെയ്തു കൊടുത്തു കഴിഞ്ഞാൽ ടിക്കറ്റ് കൊടുക്കാൻ കഴിയും. വൈകുന്നേരമാകുമ്പോൾ ടോട്ടലായിട്ട് എത്ര തുകയുണ്ടെന്ന് അതനുസരിച്ച് പറയാൻ കഴിയും ആ തുക കൊടുക്കാനും കഴിയും. തീർച്ചയായും കണ്ടക്ടർമാരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ സംവിധാനമാകുമെന്നാണ് കരുതുന്നത്. എന്തായാലും ഇത് ഇൻട്രൊഡ്യൂസ് ചെയ്തിട്ടില്ല. ഇതിനെക്കുറിച്ച് ഗവൺമെന്റ് കെൽട്രോണുമായിട്ട് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർമാരെ സഹായിക്കാൻ വേണ്ടി കെൽട്രോണുമായി ആലോചിച്ച് കമ്പ്യൂട്ടർ ഏർപ്പെടുത്തുവാൻ ആണല്ലോ ഗവൺമെന്റിന്റെ ആലോചന.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ മുഖ്യമന്ത്രി അടക്കം മന്ത്രിമാർക്ക് ധാരാളം ഫയൽ നോക്കുന്ന ജോലിയുണ്ട്. അതുകൊണ്ട് ഫയൽ നോക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ ഏർപ്പെടുത്തുന്ന കാര്യം കെൽട്രോണുമായി ആലോചിക്കാമോ ? എന്നാൽ ഭാവിയിൽ മന്ത്രിമാരുടെ എണ്ണവും കുറയ്ക്കാം. അതുകൊണ്ട് മന്ത്രിമാരെ ഫയൽ നോക്കുന്നതിന് സഹായിക്കുവാൻ ഒരു കമ്പ്യൂട്ടർ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ കെ. എസ് ആർ. ടി. സി. യിലെ കമ്പ്യൂട്ടറൈസേഷനെക്കുറിച്ചാണ് ചോദ്യം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കെ. എസ്. ആർ. ടി സി. യിൽ കമ്പ്യൂട്ടർ ഏർപ്പെടുത്തുന്നതിന്റെ ഫലമായി പ്രതിവർഷം എത്രപേർക്ക് നിയമന സാദ്ധ്യത നഷ്ടപ്പെടും എന്ന് കണക്കാക്കിയിട്ടുണ്ടോ ? അങ്ങനെ യൊരു പഠനവുമില്ലാതെയാണ് ഈ പരിപാടി തുടങ്ങിയിട്ടുള്ളതെങ്കിൽ കമ്പ്യൂട്ടർവൽക്കരണ പരിപാടി നിർത്തിവയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടി കളിൽ കെ. എസ്. ആർ. ടി. സി. യിൽ ഏർപ്പെടുത്തിയിട്ടുള്ള കമ്പ്യൂട്ടറൈ സേഷൻകൊണ്ട് ആർക്കും തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. ഭാവിയിൽ അങ്ങനെയുണ്ടാകുമോ എന്നുള്ള ആശങ്കയാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ഉന്നയിച്ചത്. തീർച്ചയായും അതിനെക്കുറിച്ച് പരിശോധിക്കാം.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

തോട്ടം തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

* 78. [79] ശ്രീ ജി. വരദൻ :
,, എം. ജിനദേവൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം വിവിധ തൊഴിലാളി സംഘടനകൾ ഉന്നയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്.

(ബി) പ്ലാന്റേഷൻ ലേബർ കമ്മറ്റി അതിൻമേൽ ചർച്ച നടത്തി വരികയാണ്.

സമ്പൂർണ്ണ മദ്യനിരോധനം

* 79. [80] ശ്രീ. എം. വി. മാണി :
,, ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly